

# ക്രിസ്മസ്സിന്റെ രക്ഷാ സുവിശേഷം

Rev. Fr. Jose Daniel Paitel. Philadelphia. USA.
Paitelachen@gmail.com

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ആഘോഷപൂർവ്വമായ സന്ദർഭമാണ്. ക്രിസ്മസ്സ്. അതിന്റെ ഭക്തിപൂർവ്വമായ ആചരണം നോമ്പും, പ്രാർഥനകളും, പ്രത്യേക ശുശ്രൂഷകളോടു കൂടിയ വിശുദ്ധകർബ്ബാനയും ഉൾപ്പെട്ടതാണ്. ഈ ആഘോഷങ്ങൾക്ക് വികലവും അർഥശൂന്യവും, അക്രൈസ്തവവും ദൈവഹിതത്തിനു വിരുദ്ധവുമായ മറ്റൊരു സ്ഥിതിയുണ്ടെന്നതു മറക്കാനാവില്ല. ക്രിസ്മസ്സിന്റെ ദൈവീക ഭാവം ബേത് ലഹേമിൽ കന്യകമറിയാം ഉണ്ണിയേശുവിനെ പ്രസവിക്കുകയും മാലാഖമാർ ആ വാർത്ത സർവ്വലോകവും പ്രതിക്ഷിച്ചിരുന്ന രക്ഷാസുവിശേഷമായി പ്രഘോഷിക്കുകയും ചെയ്തു എന്നതാണ്. ഇതിനോടു ബന്ധപ്പെടുന്ന ദൈവീകനിയോഗം നിബിയന്മാരും മാലാഖമാരും മുന്നമേ പ്രവചിച്ചിരുന്നു, എന്നും അത് മനുഷ്യരക്ഷയ്ക്കുള്ള ദൈവിക പദ്ധതിയായിരുന്നു എന്നതുമാണ്. ക്രിസ്മസ്സ് ആഘോഷമെന്നതിനുപരി ദൈവിക നിയോഗമായും രക്ഷ മാർഗ്ഗമായും സ്വീകരിക്കാൻ ശ്രമിച്ചാൽ അത് വിശുദ്ധ കുർബ്ബാനയുടെ സംബന്ധമായി ത്തീരും. സത്യവിശ്വാസിയുടേയും ദൈവഭക്തന്റേയും ക്രിസ്മസ്സ് വിശുദ്ധ കുർബ്ബാനയിലാണ് പൂർത്തിയാകുന്നത്. അതിന്റെ മർമ്മവും രഹസ്യവും മനസ്സിലാകണമെങ്കിൽ വിശുദ്ധ സുവിശേഷങ്ങളിൽ വിവരിക്കപ്പെടുന്ന നിമിത്തങ്ങളുടേയും സൂചകങ്ങളുടേയും പ്രതീകങ്ങളുടേയും സാരാംശവും പ്രസക്തിയും തിരുവെഴുത്തുകളുടേയും പ്രവചനങ്ങളുടേയും അടിസ്ഥാനത്തിൽ മനസ്സിലാക്കണം. "നിന്നേ പ്രസവിച്ച മറിയാമും നിന്നേ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കു വേണ്ടി നിന്നോടപേക്ഷിയ്ക്കും" എന്നു തുടങ്ങുന്ന വിശുദ്ധ കുർബ്ബാനയിലെ പ്രാർഥനയിലെ പലഭാഗങ്ങളും നമുക്ക് ഹൃദിസ്ഥമാണ്. പക്ഷേ അതിൽ വിവരിക്കപ്പെടുന്ന സംഭവങ്ങൾക്കുള്ള സമാനതകൾ, ദൈവീക നിയോഗം, അവയുടെ പൂർത്തീകരണം എന്നിവയിലേക്ക് തിരുവെഴുത്തുകളിലൂടെ നാം ഒരു തിരിഞ്ഞു നോട്ടം നടത്തുന്നില്ല എന്നതിനാലാണ് നമ്മുടെ വിശുദ്ധജീവിതത്തിനു വിശുദ്ധ കുർബ്ബാനയുടെ സംബന്ധവും, സ്വീകരണവും മാത്രം പോരാ എന്ന തോന്നലുണ്ടാകുന്നത്.

കാലാവസാനത്തിങ്കൽ ശാരീരിക പിതാവില്ലാതെ കന്യകയായ മാതാവിൽ നിന്ന്, മനുഷ്യനായി ജനിക്കുകയും, എന്നു തുടങ്ങുന്ന ഒരു പ്രൊമിയോൻ നമുക്ക് വിശുദ്ധകുർബ്ബാനയിൽ ശ്രദ്ധിക്കുവാൻ കഴിയും. വളരെ അർഥഗർഭമായ ഒന്നാണത്. മനുഷ്യാവതാരത്തിലെ പ്രധാനപ്പെട്ട ചില പ്രത്യേകതകളാണ് അതിൽ വിവരിക്കുന്നത്. ഒന്ന് ഇത് ചരിത്രപരമായ ഒരു യാഥാർഥ്യമാണ്. ദൈവോചിതമായ ഒരു കാലഘട്ടത്തിലാണ് ഇക്കാര്യം നടന്നിരിക്കുന്നത്. പ്രത്യുല്പ്പാദനപ്രക്രിയയിൽ പാലിച്ചിരിക്കേണ്ട ക്രമങ്ങൾ പാലിക്കാതെയും ശാസ്ത്രസത്യങ്ങൾ മാനിക്കാതെ സൃഷ്ടികർമ്മത്തിനുള്ള ദൈവീകമാനദണ്ഡങ്ങൾ മാത്രം പാലിക്കപ്പെട്ടിട്ടുള്ള ഒരുജനനവും പ്രസവവുമാണ് ഇവിടെ നടന്നിരിക്കുന്നത്. വിശുദ്ധ തിരുവചനത്തിൽ വിവരിച്ചിരിക്കുന്ന പുൽത്തൊട്ടി, കല്ലടാവു്, കീറ്റുശീല, ആട്ടിടയരും, വിദ്വാന്മാരും, മാലാഖമാരും, അതുമായി ബന്ധപ്പെട്ട സ്വർഗ്ഗീയ സന്ദേശങ്ങളും സാധാരണ പതിവുകൾക്കു വിരുദ്ധമാണ്. ലോകത്തിൽ ഒരിക്കൽ മാത്രം സംഭവിച്ചതാണിതൊക്കെ. കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് തർക്കവിതർക്കങ്ങൾക്ക് താല്പര്യമുള്ളവർക്ക് ഇവ ധാരാളം ചോദ്യങ്ങൾക്ക് അവസരമുണ്ടാക്കും. എന്നാൽ മാനുഷീക പരിമിതികൾക്കുള്ളിലെ ചോദ്യങ്ങൾക്ക് ഉത്തരം അവശേഷിപ്പിച്ചുകൊണ്ടാണ് ഈ രക്ഷാകര കർമ്മം ദൈവം പൂർത്തിയാക്കിയിരിക്കുന്നത്. ലോക നീതിയനുസരിച്ച് യൗസേഫിന്റെ ഭാര്യയാണ് മറിയാം. വിവാഹം നിശ്ചയിക്കപ്പെട്ട നാളുകളിലാണ് അവൾക്ക് ഗബ്രീയേൽ മാലാഖയുടെ അരുളപ്പാടുണ്ടാകുന്നത്. അതിനുശേഷം യൗസേഫിനുണ്ടാകുന്ന ദർശനത്തിൽ നിന്റെ ഭാര്യയായ മറിയാമിനെ സ്വീകരിക്കുവാൻ ശങ്കിക്കേണ്ടാ എന്നാണ് ഇതേ ദൂതൻ തന്നെ കൽപ്പിക്കുന്നത്. അപ്പോൾ വിവാഹം നടന്നതായി വേദപുസ്തകത്തിൽ കാണുന്നില്ലല്ലോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. എന്നാൽ പേർവഴി ചാർത്തപ്പെടുന്നതിന് ബേത്ലഹേമിൽ പോകേണ്ടിവന്നതിനാലാണല്ലോ യേശുക്രിസ്തുവിന്റെ ജനനത്തിന് ഒരു ഭവനമോ ഒരു സത്രമോ ലഭിക്കാതെ വന്നത് എന്ന് സംശയം തോന്നും വിധമാണ് സുവിശേഷം രചിക്കപ്പെട്ടിരിക്കുന്നത്. പേർവഴി ചാർത്തപ്പെടൽ എന്നത് ഒരു ദൈവീക നിമിത്തം മാത്രമല്ല കർത്താവിന്റെ ജനനം ചരിത്രസംഭവമാക്കുവാൻ ഉള്ള ദൈവീക പദ്ധതിയും കൂടിയാണ്. കൂടാതെ യേശുക്രിസ്തു രാജാവാകയാൽ ജനിക്കേണ്ടത് തലസ്ഥാനത്താണ്. ഇസ്രായേലിന്റെ ഒന്നാമത്തെ രാജാവിനേയും, ദാവീദിനേയും വാഴിച്ചത് റാമയിലാണ് അതു അന്ന് ശമുവേൽ പ്രവാചകന്റെ ആസ്ഥാനമായിരുന്നു. ആട്ടിടയന്മാരും ആടുകളുമാണ് ഉണ്ണിയശുവിന്റെ ജനന വാർത്ത തൽക്ഷണമറിയുന്നത്. അതിലും അല്പം വൈരുദ്ധ്യം തോന്നാം എന്നാൽ ലേവ്യാ. 16: 10 മുതലുള്ള ഭാഗം

വായിച്ചാൽ ജനത്തിന്റെ പാപപരിഹാരത്തിന് രണ്ട് കോലാട്ടുകുട്ടികളെ യാഗത്തിനു കൊണ്ടു വരണം. എന്നാൽ അതിൽ ഒന്നിനെ മാത്രമേ യാഗം കഴിക്കുന്നുള്ളൂ. മറ്റേതിനെ അസ്സസേലിനു വേണ്ടി മരുഭൂമിയിലേക്ക് അയച്ചുകളയുകയാണ്. എന്തിന് അങ്ങനെ ചെയ്യുന്നു എന്നതിന് പിതാക്കന്മാർ പഠിപ്പിക്കുന്നത് അത് മശിഹായുടെ വരവിനേക്കുറിച്ച് അന്വേഷിച്ച് കടന്നുപോകുന്നു എന്നാണ്. മശിഹായേ അന്വേഷിച്ച് കുഞ്ഞാട്ട് പോയെങ്കിൽ, കുഞ്ഞാടിന്റെ അടുത്തുകണം മശിഹായുടെ വരവിന്റെ വാർത്ത ആദ്യമെത്തേണ്ടത്. ആ ഉണ്ണിയെ ആദ്യമെത്തി വണങ്ങുവാനുള്ള ഭാഗ്യമുണ്ടായത് ആട്ടിടയന്മാർക്കായതും അതുകൊണ്ടു തന്നെ. മശിഹാ രാജാവാകയാൽ ആ രാജാവിനെ മറ്റു രാജാക്കന്മാർ രാജോചിതമായി വണങ്ങുക എന്നത് രാജാക്കന്മാർ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ ഉറപ്പിന് അവശ്യം ആവശ്യമാണ്. അതുകൊണ്ടു തന്നെ ബേത്‌ലഹേമിൽ ഒരു രാജാവ് ജനിക്കുമ്പോൾ ആ ഉണ്ണിരാജാവിനെ രാജോചിതമായി ബഹുമാനിക്കുവാനും പൊന്നും മൂരും കുന്തിരുക്കവും കാഴ്ച സമർപ്പിക്കുവാനും രാജാക്കന്മാർ വന്നെത്തുന്നത്. അവൻ ലോകരാജാവും ലോകമെങ്ങും ചിതറി പ്പോയ ഇസ്രായേലിന്റെ രാജാവും ചിതറിപ്പോയ ഏവരുടേയും നിത്യ പ്രത്യാശയുമാകയാൽ അതു ലോകമെങ്ങും സദ്‌വാർത്തയായി അറിയിക്കുവാൻ ആകാശത്തൊരു നക്ഷത്രമല്ലാതെ മറ്റൊന്നും മതിയായതല്ല. ഇന്നും നക്ഷത്രശാസ്ത്രം ഏതൊരുവനും വിശ്വസിക്കുവാൻ തക്കവിധം മാധ്യമശ്രദ്ധയിൽ വരുന്നത് അവഗണിക്കാനാവില്ല. ഉണ്ണിയേശു കിടക്കുന്ന സ്ഥലം ഒരു കല്ലടാവെന്ന് അടയാളം നല്കുമ്പോഴും അതിൽ ഒരു ദൈവീക പദ്ധതിയുണ്ട്. ഇസ്രായേലിന്റെ ഒന്നാമത്തെ രാജാവായി വാഴിക്കപ്പെടുന്നതിന് ശൗലിനെ ദൈവം വിളിച്ചു. അത് ശൗൽ അറിഞ്ഞിട്ടില്ല പക്ഷേ സമുവേലിന് ആ സ്ഥാനാർത്ഥിയെ കാണുന്നതിനും അഭിഷേക ശുശ്രൂഷ ചെയ്യുന്നതിനുമുള്ള അടയാളം റാഹേലിന്റെ കല്ലറയാണെന്ന് 1 സാമുവേൽ 10 അദ്ധ്യായം സാക്ഷിക്കുന്നു.

തന്റെ ഏകജാതൻ കീറ്റുശീലകളാൽ പൊതിഞ്ഞവനായാണ് കിടക്കുന്നതെന്ന് ലോകത്തെ അറിയിക്കുന്നതിന് ആദ്യ മനുഷ്യനോടു കരുണ കാണിച്ച പിതാവാം ദൈവത്തിന് മതിയായ കാരണമുണ്ട്. ആദാമിനെ ശിക്ഷിച്ച് കരുണ കാണിക്കാതെ കോപത്തോടെ ആട്ടിയോടിച്ചവനല്ല പിതാവാം ദൈവം. ഇനിമേൽ നീ മുഖത്തെ വിയർപ്പോടെ അപ്പം ഭക്ഷിയ്ക്കും എന്ന കല്പന ഒരു പ്രസ്ഥാവന എന്ന രൂപത്തിൽ, "ഇനിമേലും നിനക്ക് ഭക്ഷണത്തിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്യേണ്ടി വരും" എന്നർത്ഥം വരും. ഒരു ഗവണ്മെന്റ് ഓർഡറാണെങ്കിൽ "നിനക്കുള്ള സൗജന്യ

HAPPY HOLIDAYS

ഭക്ഷണം നിന്നു പോയിരിക്കുന്നു ഇനിയും വേല ചെയ്തു ജീവിക്കുക" എന്നാകും അർത്ഥം

എന്തർത്ഥത്തിൽ ആ വാചകത്തെ വിശകലനം ചെയ്താലും അതിലുള്ള ദൈവകരുണയും ദൈവസ്വഭാവത്തിന്റെ വെളിപ്പെടുത്തലും നമുക്കുള്ള ആഹ്വാനവും നിർദ്ദേശവും ചുമതലപ്പെടുത്തലും കല്പനയുമാണ്. ഈ ക്രിസ്മസ്സ് നമ്മെ ദൈവപൈതലാക്കുന്നതിനാണെങ്കിൽ ഒരു ദൈവപൈതലെന്ന നിലയിൽ ദൈവസ്വഭാവത്തിന്റെ അനുകാരികളാകുവാൻ നാം കടപ്പെട്ടിരിക്കുന്നു. പിതാവാം ദൈവം ആദാമിന് ഒരു തുകൽവസ്ത്രം തുന്നിക്കൊടുത്തപ്പോൾ കാണിച്ചകരുണ ഒരോ ദൈവപൈതലിനും അനുകരിക്കാൻ കഴിയണം. കരുണയുടെ അർത്ഥം ന്യായാന്യായവിവേചനം കൂടാതെയുള്ള പരിഗണനയും ഔദാര്യവുമെന്നതാണ്. നമ്മുടെ സഹയാത്രികനെ, സഹോദരനെ, മിത്രത്തെ അയൽക്കാരനെ, കീറ്റുശീലയിൽ കാണണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ? നിന്റെ കർത്താവിനു ആരെങ്കിലും ചെയ്യാഞ്ഞത് നിനക്കു ചെയ്യാൻ ഒരവസരം കിട്ടിയാൽ നീ അത് വേണ്ടെന്നു വയ്ക്കുമോ? നമ്മുടെ ക്രിസ്മസ്സ് കർത്താവിനോടുകൂടി ആഘോഷിക്കണമെന്നു ചിന്തിക്കുമ്പോൾ ആ ക്രിസ്മസ് പങ്കുവയ്ക്കലിന്റെ ക്രിസ്മസ്സ്` ആണെന്ന് നമ്മുടെ സഹോദനെ ബോദ്ധ്യപ്പെടുത്തുന്നതാകണം അപ്പോൾ മാത്രമേ നമ്മുടെ ക്രിസ്മസ്സ് ആഘോഷം പൂർത്തിയാകുകയുള്ളൂ. അതിന് ദൈവം നമ്മെ എല്ലാവരേയും സഹായിക്കട്ടെ എന്നു പ്രാർഥിക്കുന്നു. എല്ലാവർക്കും ക്രിസ്മസ്സിന്റെ നവമംഗളങ്ങൾ ആശംസിക്കുന്നു.